# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

RBI/2016-17/6
DGBA.GAD 13/15.02.005/2016-17

ജൂലൈ 07, 2016

അദ്ധ്യക്ഷൻ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പബ്ലിക് പ്രോവിഡന്റ് ഫണ്ട്, കിസാൻ വികാസ് പത്ര 2014, സുകന്യ സമൃദ്ധി അക്കൗണ്ട്, സിനിയർ സിറ്റിസൺ സേവിംഗ്സ് പദ്ധതി 2004 തുടങ്ങിയവ കൈകാര്യം ചെയ്യുന്ന ഏജൻസി ബാങ്കുകൾ.

പ്രിയപ്പെട്ട സർ,

**ലഘുസമ്പാദ്യ പദ്ധതികൾക്കുള്ള പലിശ നിരക്ക് പുതുക്കൽ.**

മേൽകാണിച്ചിട്ടുള്ള വിഷയത്തിലുള്ള 2016 ഏപ്രിൽ 7-ാം തീയതിയിലെ DGBA GAD/3175/15.02.005/2015-16 ശ്രദ്ധിക്കുക. ഇൻഡ്യാ ഗവർൺമെന്റ്, 2015 ജൂൺ 20 ന് പുറപ്പെടുവിച്ച നമ്പർ F.No.1/04/2016-NS.IIഓഫീസ് മെമോറാൻഡ (OM) ത്തിലൂടെ വിവിധ ലഘുസമ്പാദ്യപദ്ധതികൾക്ക് 2016-17 സാമ്പത്തിക വർഷത്തിന്റെ രണ്ടാം ത്രൈമാസികത്തിൽ ബാധകമാവുന്ന പുതുക്കിയ പലിശ നിരക്കുകൾ അറിയിച്ചിരുന്നു. (പകർപ്പ് ഇതോടൊപ്പം)

2. ഗവൺമെന്റ് ലഘു സമ്പാദ്യപദ്ധതികൾ കൈകാര്യം ചെയ്യുന്ന, താങ്കളുടെ ബാങ്കിന്റെ ശാഖകളെ, ഈ സർക്കുലറിന്റെ ഉള്ളടക്കം ശ്രദ്ധയിൽ പെടുത്തണം. ഈ പദ്ധതികളെ നിക്ഷേപകരുടെ അറിവിലേക്കായി, ശാഖകളിലെ നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കുകയും വേണം.

വിശ്വാസപൂർവ്വം,
വി. എസ്. പ്രജീഷ്
അസിസ്റ്റന്റ് ജനറൽ മാനേജർ

F.No.1/04/2016-NS.II

ഗവൺമെന്റ് ഓഫ് ഇൻഡ്യ

മിനിസ്ട്രി ഓഫ് ഫിനാൻസ്

ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കോണമിക് അഫെയർസ്

(ബഡ്ജറ്റ് ഡിവിഷൻ)

നോർത്ത് ബ്ലോക്ക്, ന്യൂ ഡൽഹി

20 ജൂൺ 2016

## ഓഫീസ് മെമോറാൻഡം.

**വിഷയം : ലഘുസമ്പാദ്യ പദ്ധതികൾക്കുള്ള പലിശ നിരക്കുകളുടെ പുതുക്കൽ**

ഇതേ നമ്പരിൽ, 2016 ഫെബ്രുവരി 16-ാം തീയതിയിലുള്ള ഓഫീസ് മെമോറാൻഡത്തിലേക്ക്, താഴെ ഒപ്പിട്ടിരിക്കുന്ന ഞാൻ നിങ്ങളുടെ ശ്രദ്ധക്ഷണിക്കുന്നു. ഇതനുസരിച്ച് ലഘുസമ്പാ ദ്യപദ്ധതികൾക്കുള്ള പലിശ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ എടുത്തിട്ടുള്ള നിരവധി തിരുമാനങ്ങൾ, ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടല്ലോ.

2. ഗവൺമെന്റ് തിരുമാന പ്രകാരം, ലഘു സമ്പാദ്യപദ്ധതി കൾക്കുള്ള പലിശ നിരക്കുകൾ മൂന്നുമാസത്തിലൊരിക്കൽ വിജ്ഞാപനം ചെയ്യപ്പെടേണ്ടതായിട്ടുണ്ട്. അതിൻ പ്രകാരം, വിവിധ ലഘുസമ്പാദ്യ പദ്ധതികൾക്കുള്ള, 2016-17 സാമ്പത്തിക വർഷത്തിലെ രണ്ടാം ത്രൈമാസിക കാലയളവിലേയ്ക്ക്, പദ്ധതികളിൽ ഉൾച്ചേർത്തിട്ടുള്ള വിധം കൂട്ടുപലിശനിരക്കിലും, പെയ്മെന്റ് നിരക്കിലുമുള്ള പലിശ നിരക്കുകൾ താഴെ പറയും പ്രകാരമായിരിക്കും.

| പദ്ധതികൾ | പലിശ നിരക്ക് 01.04.2016 മുതൽ 30.06.2016 വരെ | പലിശ നിരക്ക് 01.07.2016 മുതൽ 30.09.2016 വരെ | കൂട്ടുപലിശ കണക്കാക്കുന്ന കാലയളവ് |
|---|---|---|---|
| സേവിംഗ്സ് ഡെപ്പോസിറ്റ് | 4.0 | 4.0 | വർഷംതോറും |
| 1 വർഷത്തെ സ്ഥിര നിക്ഷേപം | 7.1 | 7.1 | ത്രൈമാസിക ക്രമത്തിൽ |
| 2 വർഷത്തെ സ്ഥിര നിക്ഷേപം | 7.2 | 7.2 | ത്രൈമാസിക ക്രമത്തിൽ |
| 3 വർഷത്തെ സ്ഥിര നിക്ഷേപം | 7.4 | 7.4 | ത്രൈമാസിക ക്രമത്തിൽ |
| 5 വർഷത്തെ സ്ഥിര നിക്ഷേപം | 7.9 | 7.9 | ത്രൈമാസിക ക്രമത്തിൽ |
| 5 വർഷത്തെ തുടർ നിക്ഷേപം | 7.4 | 7.4 | ത്രൈമാസിക ക്രമത്തിൽ |

| | | | |
|---|---|---|---|
| മുതിർന്ന പൗരൻന്മാർക്കുള്ള 5 വർഷത്തെ സേവിംഗ്സ് സ്കീം | 8.6 | 8.6 | മൂന്ന് മാസത്തിൽ ഒരിക്കൽ കൂട്ടുപലിശ ക്രമത്തിലും പെയ്മെന്റ്രീതിയിലും. |
| 5 വർഷത്തെ പ്രതിമാസ വരുമാന പദ്ധതി | 7.8 | 7.8 | മാസത്തിൽ ഒരിക്കൽ കൂട്ടുപലിശ ക്രമത്തിലും പെയ്മെന്റ്രീതിയിലും. |
| 5 വർഷത്തെ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 8.1 | 8.1 | വർഷംതോറും |
| പബ്ലിക്ക് പ്രോവിഡന്റ് ഫണ്ട് സ്കീം | 8.1 | 8.1 | വർഷംതോറും |
| കിസാൻ വികാസ് പത്രാ | 7.8 (110 മാസത്തിൽ കാലാവധി എത്തും വിധം) | 7.8 (110 മാസത്തിൽ കാലാവധി എത്തും വിധം) | വർഷംതോറും |
| സുകന്യാ സമൃദ്ധി അക്കൗണ്ട് സ്കീം | 8.6 | 8.6 | വർഷംതോറും |

3. ധനകാര്യ മന്ത്രി അംഗീകരിച്ചത്.

ഒപ്പ്
(ഹരിഷ് കുമാർ ശ്രീവാസ്തവ)
ഡയറക്ടർ (ബഡ്ജറ്റ്)
ഫോൺ : 01123092744

To,

1. സെക്രട്ടറി,
ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡീച്ചർ
നോർത്ത് ബ്ലോക്ക്
ന്യൂ ഡൽഹി

2. സെക്രട്ടറി,
ഡിപ്പാർട്ട്മെന്റ് ഓഫ് റവന്യൂ
നോർത്ത് ബ്ലോക്ക്, ന്യൂ ഡൽഹി

3. സെക്രട്ടറി,
ഡിപ്പാർട്ട്മെന്റ് ഓഫ് പോസ്റ്റ്
ടാക്  ഭവൻ
ന്യൂ ഡൽഹി

4. സെക്രട്ടറി
ഡിപ്പാർട്ട്മെന്റ് ഓഫ് ഫിനാൻഷ്യൽ സർവ്വീസസ്
ജീവൻദീപ് ബിൽഡിംഗ്
പാർലമെന്റ് സ്ട്രീറ്റ്, ന്യൂ ഡൽഹി

5. ഡയറക്ടർ
നാഷണൽ സേവിംഗ്സ് ഇൻസ്റ്റിറ്റിയൂട്ട്
നാഗ്പൂർ

6. ചീഫ് ജനറൽ മാനേജർ
ഡിപ്പാർട്ട്മെന്റ് ഓഫ് ഗവൺമെന്റ് &
ബാങ്ക് അക്കൗണ്ട്സ്, സെൻട്രൽ ഓഫീസ്
മുംബൈ

7. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ
സെൻട്രൽ അക്കൗണ്ട്സ് സെക്ഷൻ
അഡീഷണൽ ഓഫീസ് സെക്ഷൻ
ഈസ്റ്റ് ഹൈകോർട്ട് റോഡ്
നാഗ്പൂർ - 440001.

8. സംസ്ഥാനങ്ങളുടെ : കേന്ദ്രഭരണ പ്രദേശ ഗവൺമെന്റുകളുടെ ചീഫ് സെക്രട്ടറിമാർ